LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

1986 ജൂലായ് 29, ചൊവ്വ

വാല്യം LXVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 19

നിയമസഭ 1986 ജൂലായ് 29–ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

തോട്ടങ്ങൾ തുണ്ടുതുണ്ടുകളാക്കി കൈമാറുന്ന നടപടി

* 298 [439] ശ്രീമതി ഭാർഗവി തങ്കപ്പൻ:
ശ്രീ. കെ.വി. സുരേന്ദ്രനാഥ്:
,, കാനം രാജേന്ദ്രൻ:
,, കെ.ടി. കണാരൻ:
,, വി: കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ ലേബർ ആക്ട് ബാധകമാക്കിയിട്ടുള്ള തോട്ടങ്ങൾ തുണ്ടു തുണ്ടായി കൈമാറ്റം ചെയ്തതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ ഏതെല്ലാം തോട്ടങ്ങളാണ്;

(സി) പ്ലാന്റേഷൻ ലേബർ ആക്ട് ബാധകമാക്കിയിട്ടുള്ള തോട്ടങ്ങൾ തുണ്ടു തുണ്ടാക്കുന്നത് നിരോധിക്കാൻ നടപടി സ്വീകരിക്കുമോ?

തൊഴിൽവകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) ഉണ്ട്.

(ബി) പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു *

(സി) പ്ലാന്റേഷൻ ലേബർ നിയമത്തിന്റെ പരിധിയിൽ ഒരിക്കൽ വന്നുകഴിഞ്ഞ തോട്ടങ്ങൾ തുണ്ടുതുണ്ടായി ഭാഗിച്ചു പോയാലും ഓരോ തുണ്ടിനും ടി നിയമം തുടർന്നു ബാധകമാക്കുന്ന വിധത്തിൽ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീമതി ഭാർഗവി തങ്കപ്പൻ: ഈ തോട്ടങ്ങളിലെല്ലാം തന്നെ എത്ര തൊഴിലാളികളാ പണിയെടുത്തിരുന്നു എന്നുള്ളവിവരം ബഹുമാനപ്പെട്ട മന്ത്രിക്ക് പറയാമോ? എല്ലാ തൊഴിലാളികൾക്കും തൊഴിൽ നഷ്ടപ്പെടും. ആ തൊഴിലാളികൾക്ക് പകരം തൊഴിൽ നൽകാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. കെ. ശിവദാസൻ: ഈ നിയമത്തിന്റെ സ്പിരിറ്റ് അങ്ങനെയല്ല. 1951-ൽ ഈ ആക്ട് വന്നപ്പോൾ 25 ഏക്കറും 30 തൊഴിലാളികളുമുണ്ടായിരുന്ന തോട്ടങ്ങൾ പിൽക്കാലത്ത് ചെറുതാക്കിയാലും ഈ ആക്ടിന്റെ ആനുകൂല്യം തൊഴിലാളികൾക്ക് നഷ്ടപ്പെടുകയില്ല. അവർ ആക്ടിന്റെ പരിധിയിൽ വരുന്നവരായി കണക്കാക്കും. 1981-ൽ സെൻട്രൽ ഗവൺമെന്റ് ഈ നിയമം അമൻഡ് ചെയ്തു. അതിനു ശേഷം 1986-ൽ നമ്മൾ ഈ വിജ്ഞാപനം കൊണ്ടുവന്നിട്ട് അതിൽ പറഞ്ഞു, പിന്നീട് തുണ്ടുതുണ്ടാക്കിയാലും തൊഴിലാളികളുടെ ഒരവകാശവും നഷ്ടപ്പെടുകയില്ല എന്ന്. They will be deemed to continue as under Plantation Act. അതുകൊണ്ട് ആർക്കും ഒരവകാശവും നഷ്ടപ്പെടുന്നില്ല.

ശ്രീമതി ഭാർഗവി തങ്കപ്പൻ: ഇപ്പോൾ ഈ ചോദ്യത്തിനുത്തരമായി അനുബന്ധമായി ചേർത്തിട്ടുണ്ടെന്നു പറഞ്ഞു. അനുബന്ധം എനിക്ക് കിട്ടിയിട്ടില്ല. ആദ്യത്തെ ചോദ്യ കർത്താവിന് കിട്ടേണ്ടതാണ്. 'സി' ചോദ്യത്തിന് മറുപടി പറഞ്ഞിരിക്കുന്നത്, പ്ലാന്റേഷൻ ആക്ട് ബാധകമാക്കിയിട്ടുള്ള തോട്ടങ്ങൾ തുണ്ടുതുണ്ടാക്കുന്നതു നിരോധിക്കാൻ നടപടി സ്വീകരിക്കുമോ എന്ന ചോദ്യത്തിന് മറുപടി പറഞ്ഞിരിക്കുന്നത് എന്താണ്? ആ ചോദ്യത്തിന് മറുപടിയേ പറഞ്ഞിട്ടില്ല. തുണ്ടുതുണ്ടാക്കിയാൽ തൊഴിലാളികളെ പരിരക്ഷിക്കും, അവർക്ക് നിയമം ബാധകമാക്കും എന്നാണ് മന്ത്രി പറഞ്ഞിരിക്കുന്നത്. വലിയ തോട്ടങ്ങളൊക്കെ തുണ്ടുതുണ്ടാക്കുന്നതുതന്നെ ഇൻകംടാക്സിൽ നിന്നും ഒഴിവാകാൻ വേണ്ടിയാണ്. അതിന് മറുപടികിട്ടിയില്ല. തുണ്ടുതുണ്ടാക്കിയാൽ തൊഴിലാളികൾക്ക് തൊഴിൽ കിട്ടും, അവരെല്ലാം സംരക്ഷിക്കപ്പെടുമെന്നു പറയുന്നതുതന്നെ വസ്തുതകൾക്കു നിരക്കുന്നതല്ല. ചെറുകിട കർഷകരാണ് തുണ്ടുതുണ്ടാക്കി വാങ്ങിക്കുന്നത്. അവർതന്നെയാണ് അവിടെ പണിയെടുക്കുന്നതും. അവിടെ പണിയെടുത്തിരുന്ന തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുകയാണ്. അവരെ പുനരധിവസിപ്പിക്കുന്നതിന് എന്തെങ്കിലും നടപടിയുണ്ടോ എന്നാണ് ചോദ്യം.

ശ്രീ. കെ. ശിവദാസൻ: ഞാൻ അതിന്റെ ഉത്തരം ഒന്നുകൂടി വായിക്കാം. പ്ലാന്റേഷൻ ലേബർ നിയമത്തിന്റെ പരിധിയിൽ ഒരിക്കൽ വന്നുകഴിഞ്ഞ തോട്ടങ്ങൾ തുണ്ടുതുണ്ടായി ഭാഗിച്ചുപോയാലും ഓരോ തുണ്ടിനും ടി നിയമം തുടർന്നു ബാധകമാക്കുന്ന വിധത്തിൽ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഇഫക്ട് എന്താണെന്നു വച്ചാൽ ഇവർ പ്ലാന്റേഷൻ തുണ്ടുതുണ്ടാക്കിയിട്ട് ഞങ്ങൾക്ക് ഈ നിയമം ബാധകമല്ലെന്നുള്ള വാദവുമായി വരും. അങ്ങനെ ഒരു നിയമം ഉള്ളതുകൊണ്ട് ഇവിടത്തെ പ്ലാന്റേഷൻ ഇൻസ്പെക്ടർ നിങ്ങളും വർക്കേഴ്സിനേയും പ്ലാന്റേഷനും രജിസ്റ്റർ ചെയ്യണം. അവർക്ക് ലയം കൊടുക്കണം, അവർക്ക് സാനിട്ടറി കണ്ടീഷൻസ് കൊടുക്കണം എന്നു പറയും. അപ്പോൾ തർക്കം പറയും. തർക്കം പറയുമ്പോൾ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

കേൾക്കുകയില്ല. നിങ്ങൾ ഇത് കൊടുത്തേ പറ്റൂ എന്നു നിർബന്ധിക്കും. അത് കൊടുത്തില്ലെങ്കിൽ, പ്ലാന്റേഷൻ ആക്ട് വയലേറ്റ് ചെയ്താൽ എന്തെല്ലാം നടപടിയെടുക്കുമോ അതെല്ലാം എടുക്കും. അതാണ് ഞാൻ പറഞ്ഞത്.

ശ്രീമതി ഭാർഗവി തങ്കപ്പൻ: തുണ്ടുതുണ്ടാക്കുന്നതിനെ നിരോധിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് എന്തു നടപടിയെടുക്കുന്നു എന്നതിനെ സംബന്ധിച്ച് ഇപ്പോഴും മറുപടി പറയുന്നില്ല.

ശ്രീ. കെ. ശിവദാസൻ: ഇത് കേന്ദ്രഗവൺമെന്റിന്റെ ഒരു നിയമമാണ്. അവർ അവരുടെ പ്രൊപ്പർട്ടി റെറാണ് ഭാഗിക്കുന്നത്: ഒരച്ഛൻ മരിക്കുമ്പോൾ അഞ്ചു മക്കളുണ്ടെങ്കിൽ അത് ഭാഗിച്ചു പോകും. തൊഴിലാളികളെ രക്ഷിക്കുന്നതിനുവേണ്ടി ഇത് അങ്ങനെ ഒരു തോട്ടമായി തുടരുന്നു എന്ന fiction-ൽ ലേബർ ഡിപ്പാർട്ടുമെന്റ് നടപടി നടത്തും.

ശ്രീ. കാനം രാജേന്ദ്രൻ: തോട്ടങ്ങൾ തുണ്ടുതുണ്ടാക്കിക്കഴിഞ്ഞാൽ ആ തൊഴിലാളികൾക്ക് പ്ലാന്റേഷൻ ആക്ടിന്റെ പരിധിയിലുള്ള ആനുകൂല്യങ്ങൾ കൊടുക്കണമെന്നു നിയമംകൊണ്ടുവന്നു എന്നു ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഇത് തുണ്ടുതുണ്ടാക്കുന്നതിനെ തടയുന്നതിനാവശ്യമായ നിയമനിർമ്മാണം കൊണ്ടുവരണമെന്നാണ് കേരളത്തിലെ എല്ലാ ട്രേഡ് യൂണിയനുകളും ആവശ്യപ്പെട്ടിട്ടുള്ളത്. അതിനെക്കുറിച്ച് ഗവൺമെന്റിന്റെ അഭിപ്രായം എന്താണ്?

ശ്രീ. കെ. ശിവദാസൻ: ഇത് കേന്ദ്രഗവൺമെന്റിന്റെ ഒരു നിയമമാണ്. അതിൽപ്പിന്നെ ഗവൺമെന്റിന് തന്നിരിക്കുന്ന അധികാരം ഇങ്ങനെയൊരു വിജ്ഞാപനം പുറപ്പെടുവിച്ച് തൊഴിലാളികളെ നോട്ടീഫൈ ചെയ്യാനാണ്. ആ വിജ്ഞാപനം പുറപ്പെടുവിച്ച് തൊഴിലാളികളുടെ അവകാശം സംരക്ഷിച്ചിട്ടുണ്ട്. തൊഴിലാളികളുടെ പർപ്പസ്സിനു വേണ്ടി പിന്നീട് തുണ്ടുതുണ്ടായി മാറിയതോട്ടങ്ങൾ പ്ലാന്റേഷൻ ആക്ടിന്റെ പരിധിയിൽവരുന്ന വലിയ തോട്ടം ആണെന്ന fiction-ലാണ് ഗവൺമെന്റ് പ്രൊസീഡു ചെയ്യുന്നത്.

ശ്രീ. കാനം രാജേന്ദ്രൻ: ഈ നിയമം നിലനിൽക്കെ തന്നെ തോട്ടം തുണ്ടുതുണ്ടാക്കി വിൽക്കുകയും അതിന്റെ ഫലമായി തൊഴിലാളികൾക്ക് പ്ലാന്റേഷൻ ആക്ടിന്റെ ആനുകൂല്യം ലഭിക്കാതിരിക്കുകയും ചെയ്ത നിരവധി പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ചീഫ് പ്ലാന്റേഷൻ ഇൻസ്പെക്ടറോ അല്ലെങ്കിൽ പ്ലാന്റേഷൻ ലേബർ ആക്ട് നടപ്പിലാക്കുന്ന ഇൻസ്പെക്ടർമാരോ പരിശോധന നടത്തുകയോ അവരുടെമേൽ നിയമാനുസൃതമായ കേസുകൾ എടുക്കുകയോ ചെയ്തിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ?

ശ്രീ. കെ. ശിവദാസൻ: അങ്ങനെ ഉണ്ടായിട്ടുള്ള കേസുകളുടെ ലിസ്റ്റാണ് അനുബന്ധമായി വച്ചിരിക്കുന്നത്. കേസിന്റെ ഡീറ്റെയിൽസ് ഇപ്പോൾ പറയാൻ വിഷമമാണ്. ലിസ്റ്റ് വേണമെങ്കിൽ ഞാൻ വായിക്കാം. മൊത്തം 35 എണ്ണമാണ്.

ശ്രീ. കെ.ടി. കണാരൻ: പ്ലാന്റേഷൻ ലേബർ ആക്ടനുസരിച്ച് നിയമപരമായി തൊഴിലാളികൾക്ക് ലഭ്യമാകേണ്ട അവകാശങ്ങളിൽനിന്ന് ഒഴിഞ്ഞുമാറുന്നതിനുവേണ്ടിയാണോ ഇത്തരത്തിലുള്ള തുണ്ടുതുണ്ടാക്കൽ

LIBRARY ARCHIVES Kerala Legislative Assembly

നടപടിക്രമം വരുന്നത്. തുണ്ടുതുണ്ടാക്കിയാലും തൊഴിലാളികളുടെ അവകാശങ്ങൾ നിഷേധിക്കാൻ പറ്റുകയില്ലെന്നു മന്ത്രി പറഞ്ഞാൽപ്പോലും ഇന്നു സത്യമായിട്ട് അത് നിഷേധിക്കപ്പെട്ടിരിക്കുകയാണ്. അങ്ങനെയുള്ള നിരവധി അനുഭവങ്ങളുണ്ട്. അങ്ങനെ തുണ്ടുതുണ്ടാക്കി എന്ന ആക്ഷേപം ട്രേഡ് യൂണിയനുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ? അതിനു പരിഹാരം കാണുന്നതിനുവേണ്ടി സംസ്ഥാനത്തുള്ള തോട്ടം മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ യൂണിയനുകളും സംയുക്തമായി നിവേദനം സമർപ്പിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാട് അറിയിച്ചിട്ടുണ്ടോ?

ശ്രീ. കെ. ശിവദാസൻ: അങ്ങനെ സംയുക്ത നിവേദനം കിട്ടിയിട്ടുണ്ടോ എന്നു നോക്കാതെ എനിക്ക് പറയാൻ കഴിയുകയില്ല. പരാതികൾ കിട്ടിയതിന്റെ അടിസ്ഥാനത്തിൽ നടപടിക്രമത്തിനു വിധേയമായ തോട്ടങ്ങളുടെ കാര്യമാണ് ഞാൻ പറഞ്ഞത്. ഇപ്പോഴും അങ്ങനെ പരാതികൾ വരുന്നുണ്ട്. അതിനുവേണ്ട കാര്യങ്ങൾ ചെയ്യുന്നുമുണ്ട്. ഇനിയുണ്ടായാലും ഞങ്ങൾ ചെയ്യും.

ശ്രീ. കെ.ടി. കണാരൻ: തുണ്ടുതുണ്ടാക്കുന്നതിന്റെ ഫലമായി തൊഴിലാളികളുടെ അവകാശങ്ങൾ നിഷേധിക്കപ്പെടുന്നു എന്നു മാത്രമല്ല സർക്കാരിലേക്ക് വരേണ്ടുന്ന നിരവധി നികുതി ഇനങ്ങളും ചോർന്നു പോകുന്നുണ്ട്. അതിനെയൊക്കെ തടയാൻ കഴിയുന്ന വിധത്തിൽ തുണ്ടുതുണ്ടാക്കാൻ പാടില്ല എന്ന തരത്തിൽ നടപടിയെടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. ശിവദാസൻ: കേന്ദ്ര ഗവൺമെന്റിന്റെ ഒരു നിയമമായതുകൊണ്ട് അതിനെപ്പറ്റിയൊക്കെ ആലോചിച്ചിട്ട് നടപടിയെടുക്കേണ്ടതാണ്.

ശ്രീ. വി. കെ. രാജൻ: പ്ലാന്റേഷൻ ലേബർ ആക്ട് പ്രകാരം തോട്ടങ്ങൾ 25 ഏക്കറും 30 തൊഴിലാളികളും ഉണ്ടെങ്കിൽ മാത്രമേ അതിന്റെ ആനുകൂല്യം ലഭിക്കുകയുള്ളു. അതുപ്രകാരം തുണ്ടുതുണ്ടാക്കിക്കൊണ്ട് തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുകയാണ്. ഇത് കേന്ദ്രഗവൺമെന്റിന്റെ നയമാണെങ്കിലും പ്ലാന്റേഷൻ ലേബർ ആക്ട് ബാധകമാക്കിക്കൊണ്ടുള്ള ഈ തോട്ടങ്ങൾ യാതൊരു കാരണവശാലും തുണ്ടുതുണ്ടാക്കി മുറിച്ച് വിൽക്കാതിരിക്കത്തക്കരീതിയിൽ ഒരു നിയമമുണ്ടാക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റിന്റെ നയം എന്താണ്?

ശ്രീ. കെ. ശിവദാസൻ: നേരത്തെ 25 ഏക്കർ എന്നായിരുന്നു. ഇപ്പോൾ അത് അഞ്ചു ഹെക്ടറാണ്. ഇങ്ങനെയൊരു നിയമമുണ്ടാക്കണമെങ്കിൽ അത് ട്രാൻസ്ഫർ ഓഫ് പ്രോപ്പർട്ടീസ്, ആക്ടിന്റെ അടിസ്ഥാനത്തിൽ പൗരജനങ്ങൾക്കുള്ള അവകാശത്തെ എങ്ങനെ ബാധിക്കും, കോൺസ്റ്റിറ്റ്യൂഷണൽ അവകാശത്തെ എങ്ങനെ ബാധിക്കും എന്നൊക്കെ പരിശോധിച്ചിട്ട് ചെയ്യേണ്ട കാര്യമാണ്.

ശ്രീ. വി. കെ. രാജൻ: ഞാൻ ചോദിച്ചത് അതിനെപ്പറ്റി ഗവൺമെന്റിന്റെ അഭിപ്രായം എന്താണെന്നാണ്.

ശ്രീ. കെ. ശിവദാസൻ: നിയമവശങ്ങൾ, കോൺസ്റ്റിറ്റ്യൂഷണൽ റൈറ്റ്, പ്രോപ്പർട്ടി റൈറ്റ്, ഇൻഹെരിറ്റൻസ് റൈറ്റ് ഇവയെല്ലാം പരിശോധിച്ചുണ്ടാക്കാമെന്നാണ് പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. രാജൻ: 1984—ലെ ആനുകൂല്യം നിഷേധിക്കപ്പെടാതിരിക്കാൻവേണ്ടി ആശ്വാസം കൊടുക്കാൻ ഒരുത്തരവ് പുറപ്പെടുവിച്ചതായിട്ടാണ് മന്ത്രി പറഞ്ഞത്. 1951—ലെ ആക്ട്, 1981—ലെ കേന്ദ്ര ഗവൺമെന്റിന്റെ ഭേദഗതി അങ്ങനെ പല നിയമങ്ങളും ഉണ്ടായിട്ടും 1986 വരെയുള്ള ഈ കാലഘട്ടത്തിൽ നിരവധി സ്ഥലങ്ങളിൽ തോട്ടങ്ങൾ തുണ്ടുതുണ്ടായി വിൽക്കുകയോ വാങ്ങിക്കുകയോ ചെയ്തിട്ടുണ്ട്. അങ്ങനെ വരുന്നതിനകത്തുള്ള തൊഴിലാളികൾക്കു സേവന-വേതന വ്യവസ്ഥകൾ നഷ്ടപ്പെട്ടിട്ടുണ്ട്. ഇത്തരം ആളുകൾക്കുകൂടി മുൻഗണന കൊടുത്തുകൊണ്ട് മുൻകാലപ്രാബല്യത്തോടുകൂടി 1986—ൽ പുറപ്പെടുവിച്ച ഉത്തരവിൽ മുൻകാലത്ത് നഷ്ടപ്പെട്ട തൊഴിലാളികൾക്ക് അതുകൂടി കിട്ടത്തക്കരീതിയിലുള്ള അമൻഡ്മെന്റ് കൊണ്ടുവരാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. ശിവദാസൻ: അമൻഡ്മെന്റ് അങ്ങനെയാണ് പറഞ്ഞിരിക്കുന്നത്. 1981—ൽ സെൻട്രൽ ഗവൺമെന്റിന്റെ പ്ലാന്റേഷൻ നിയമം പ്രാബല്യത്തിൽ വന്ന തീയതിയിൽ ടി- നിയമം ബാധകമാക്കിയിരുന്നു തോട്ടങ്ങൾ തുണ്ടുതുണ്ടാക്കപ്പെട്ടാലും, ഓരോ തുണ്ടിലും അഞ്ചു ഹെക്ടറിൽ കുറവും തൊഴിലാളികളുടെ എണ്ണം 15—ൽ കുറവും ആയാലും ബാധകമാണെന്ന നിലയിലാണ് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത്.

ശ്രീ. എ.സി. ഷൺമുഖദാസ്: കാർഷിക പരിഷ്ക്കാര നിയമം നടപ്പിലാക്കുന്ന സമയത്ത് പ്ലാന്റേഷനിലേക്ക് കടക്കാതിരുന്നത് യഥാർത്ഥത്തിൽ അത് വ്യവസായം എന്നതിന്റെ ഭാഗമായിട്ടും അതിലെ തൊഴിലാളികളുടെ ഭാവിയെ ഓർത്തുമാണ്. എന്നാൽ ഇന്ന് തോട്ടങ്ങൾ വ്യാപകമായി തുണ്ടുതുണ്ടായി വിഭജിച്ച് പ്ലാന്റേഷൻ ആക്ടിൽ നിന്നും രക്ഷപ്പെടുന്നതിനുവേണ്ടിയുള്ള നിരന്തരശ്രമം നടക്കുന്നുണ്ട്. അങ്ങനെയാണെങ്കിൽ ഈ തോട്ടങ്ങൾ ദേശവൽക്കരിക്കാനുള്ള നടപടിയെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. കെ. ശിവദാസൻ: അതൊരു പോളിസി മാറ്റമാണ്. ഗവൺമെന്റിന്റെ ഉന്നതതലങ്ങളിൽ ആലോചിച്ച് തീരുമാനിക്കേണ്ട വിഷയമാണ്.

ശ്രീ. കെ. മൂസ്സക്കുട്ടി: തോട്ടം തുണ്ടംതുണ്ടമായി മാറുന്നതിനുമുമ്പ് പ്ലാന്റേഷൻ ലേബർ ആക്ടും മറ്റും ബാധകമാക്കിയ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ കൊടുത്തിരുന്ന സ്ഥാനത്ത് തോട്ടം തുണ്ടംതുണ്ടമായി മാറിയതിനുശേഷം ലേബർ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥൻമാരടക്കം ഉടമകളുടെ കൂടെനിന്നുകൊണ്ട് ഈ ആനുകൂല്യങ്ങൾ നൽകേണ്ടതില്ലെന്നുള്ള നടപടിയും തീരുമാനങ്ങളുമെടുക്കുന്ന കരു സമ്പ്രദായം ഇപ്പോൾ കണ്ടുവരുന്നുണ്ട്. ഈ നടപടികൾക്കെതിരെ നിയമം ഒന്നും കൊണ്ടുവരാത്തതുകൊണ്ട് ചെറുകിട തോട്ടം ഉടമകൾ എന്ന പേരിൽ അവർ പ്ലാന്റേഷൻ ലേബർ കമ്മിറ്റി എടുക്കുന്ന തീരുമാനങ്ങൾ നടപ്പിൽ വരുത്തുവാൻ തയ്യാറാകുന്നുമില്ല. ഇക്കാര്യത്തിൽ ലേബർ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥൻമാർക്ക്, ലേബർ ഓഫീസർമാർക്ക് എന്തു നിർദ്ദേശമാണ് ബഹുമാനപ്പെട്ട മന്ത്രി നൽകിയിട്ടുള്ളത്.

ശ്രീ. കെ. ശിവദാസൻ: നിയമം കർശനമായി നടപ്പിലാക്കുന്നതിനുള്ള നിരവധി കോൺഫറൻസുകളും നടപടികളുമൊക്കെ ഗവൺമെന്റ് നടത്തിയിട്ടുണ്ട്. ചെറുകിടക്കാർക്ക് കൊടുക്കേണ്ടതില്ലെന്ന് പറഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

പ്പോഴും അവർ ഹൈക്കോടതിയിൽ പോകുകയും, ചില ഓർഡേഴ്സുകളൊക്കെ ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. സ്വാഭാവികമായും നിയമമാകുമ്പോഴും ഹൈക്കോടതി പ്ലാന്റേഷനല്ലെങ്കിൽ കൊടുക്കണ്ടയെന്നു പറഞ്ഞെങ്കിലും വേഗത്തിനെ സംബന്ധിച്ച് നിർബന്ധിക്കുകയും അവർക്കത് ലഭിക്കുകയും ചെയ്യുന്നുണ്ട്. നിയമം കർശനമായി നടപ്പിലാക്കുന്നുണ്ട്. അതിനുള്ള നടപടിയും നിർദ്ദേശവുമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഏതെങ്കിലും ലേബർ ഓഫീസർ എന്തെങ്കിലും തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ നടപടി സ്വീകരിക്കാം.

ശ്രീ. കെ. ഇ. ഇസ്മയിൽ: പ്ലാന്റേഷൻ ലേബർ ആക്ടിൽ ഉൾപ്പെടുന്ന തോട്ടങ്ങളെ തുണ്ടാക്കിവിഭജിച്ച് നിരവധി മാനേജുമെന്റിന്റെ കീഴിലാണെന്ന് റിക്കാർഡുണ്ടാക്കിയതിനെത്തുടർന്ന് പ്ലാന്റേഷൻ ലേബർ ആക്ടിൽ ഉൾപ്പെട്ട തൊഴിലാളികൾക്ക് ലഭിക്കേണ്ട മുഴുവൻ ആനുകൂല്യങ്ങളും ലഭിക്കാതെ ചെറുകിടതോട്ടമെന്ന നിലയിലുള്ള പരിഗണനവച്ചുകൊണ്ട് ആനുകൂല്യം നിഷേധിക്കുകയാണ്. ലേബർ ഓഫീസു മുഖേന ബന്ധപ്പെട്ടപ്പോഴും ഗവൺമെന്റിനേറെയും ഡിപ്പാർട്ടുമെന്റിനേറെയും നിർദ്ദേശപ്രകാരം ചെറുകിടതോട്ടം ഉടമകൾ നൽകേണ്ട ആനുകൂല്യം മാത്രമേ നൽകേണ്ടതുള്ളൂവെന്നതുകൊണ്ട് അവരെ നിർബന്ധിക്കാതിരിക്കുകയും തൊഴിലാളികൾക്ക് ആനുകൂല്യം നിഷേധിക്കുകയും ചെയ്യുന്ന ഒരു സ്ഥിതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരം തോട്ടങ്ങൾ പ്ലാന്റേഷൻ ലേബർ ആക്ടിൽ ഉൾപ്പെട്ട തോട്ടങ്ങൾ എന്ന പരിഗണനവച്ചുകൊണ്ട് മുഴുവൻ ആനുകൂല്യങ്ങളും തൊഴിലാളികൾക്ക് കൊടുക്കുവാനാവശ്യമായ വ്യക്തമായ എന്തെങ്കിലും നിർദ്ദേശങ്ങൾ ഗവൺമെന്റ് നൽകുമോ?

ശ്രീ. കെ. ശിവദാസൻ: നിയമം കർശനമായി നടപ്പിലാക്കി ഇതിന്റെ ആനുകൂല്യം ലഭിക്കേണ്ടവർക്കെല്ലാം കൊടുക്കണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ നയം. ഇതിനെതിരെ ചില പെറ്റീഷൻസ് വന്നിട്ടുണ്ട്. ആ പെറ്റീഷനുകളെല്ലാം ഇതേ കാരണംപറഞ്ഞ് തള്ളുകയും ഇത് കൊടുക്കണമെന്നുപറഞ്ഞ് തീരുമാനമുണ്ടാകുകയും ചെയ്തു.

ശ്രീ. എ. കെ. ശശീന്ദ്രൻ: തോട്ടങ്ങൾ തുണ്ടുതുണ്ടാക്കി വിൽക്കുമ്പോൾ ഇപ്പോഴുള്ള നിയമമനുസരിച്ച് തൊഴിലാളികളുടെ ആനുകൂല്യങ്ങൾ കൊടുത്താൽ മതി. ആ സൗകര്യം പൂർണ്ണമായി ഉപയോഗപ്പെടുത്തിക്കൊണ്ട് വൻകിട തോട്ടമുടമസ്ഥൻമാർ ഭാവിയിൽ തോട്ടങ്ങൾക്ക് പരിധിയോ അതുപോലെയെന്തെങ്കിലും നിയമമോ മറ്റോ വരുമെന്നുള്ളത് കണ്ടുകൊണ്ടാണോ തോട്ടങ്ങൾ തുണ്ടുതുണ്ടാക്കി വിൽക്കുന്നത്? ഇപ്പോഴുള്ള ഈ പഴുതടച്ച് അവർക്ക് ഒരു കാരണവശാലും തോട്ടങ്ങൾ തുണ്ടുകളാക്കി വിൽക്കുവാൻ സാധ്യമാകാത്ത വിധത്തിലുള്ള പുതിയ നിയമനിർമ്മാണനടപടികൾ കൊണ്ടുവരുന്നതിനെക്കുറിച്ച് ഗവൺമെന്റ് ചിന്തിക്കുമോ?

ശ്രീ. കെ. ശിവദാസൻ: അതൊരു നിർദ്ദേശമാണ്.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു, 25 ഏക്കർ വിസ്തീർണ്ണവും 30 തൊഴിലാളികളുമുള്ള തോട്ടങ്ങൾക്ക് പ്ലാന്റേഷൻ ലേബർ ആക്ട് ബാധകമാകുമെന്ന്. വ്യാപകമായ തോതിൽ തോട്ടങ്ങൾ തുണ്ടു തുണ്ടുകളായി വിഭജിക്കപ്പെടുകയാണ്. ഈ സാഹചര്യത്തിൽ പ്ലാന്റേഷൻ ലേബർ ആക്ട് ബാധകമാകുന്ന

LIBRARY ARCHIVES Kerala Legislative Assembly

തോട്ടങ്ങളുടെ വിസ്തീർണ്ണവും ആ തോട്ടങ്ങളിലെ തൊഴിലാളികളുടെ എണ്ണവും കുറയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വിവിധ ട്രേഡ് യൂണിയനുകളും ഗവൺമെന്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആ നിർദ്ദേശം പരിഗണിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. ശിവദാസൻ: ഞാൻ പറഞ്ഞതു് ഒന്നുകൂടി വ്യക്തമാക്കാം. അങ്ങനെയായിരുന്നു ആദ്യത്തെ നിയമം. 1981—ലെ അമൻഡ്മെന്റ് അനുസരിച്ച് അഞ്ച് ഹെക്ടർ വിസ്തീർണ്ണവും പതിനഞ്ചോ അതിൽ കൂടുതലോ തൊഴിലാളികളും ജോലിചെയ്യുന്ന തോട്ടങ്ങൾക്കുകൂടി ആ നിയമം ബാധകമാക്കിയിട്ടുണ്ട്. അതിനുശേഷം 1972—ലും 1986—ലും ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനമനുസരിച്ച് പ്ലാന്റേഷൻ ലേബർ നിയമം ബാധകമായിരുന്ന തോട്ടങ്ങൾ തുണ്ടുതുണ്ടായി വിഭജിക്കപ്പെട്ടാലും ഓരോ തുണ്ടിനും മേൽപ്പടി നിയമം തുടർന്നും ബാധകമായിരിക്കുമെന്നാണ്. അതനുസരിച്ച് തൊഴിലാളികളുടെ കാര്യം പരിഗണിക്കാം.

ശ്രീ. ഒ. ഭരതൻ: തോട്ടങ്ങൾ ഭാഗിക്കുന്നതിനുമുമ്പ് ജോലിയെടുക്കുന്ന തൊഴിലാളികൾക്ക്, ഭാഗിക്കപ്പെട്ടുകഴിഞ്ഞതിനു ശേഷവും നിയമത്തിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. തോട്ടം വിഭജിക്കപ്പെട്ടതിനു ശേഷം പുതിയതായി നിയമിക്കപ്പെടുന്ന തൊഴിലാളികൾക്ക് തോട്ടം തൊഴിലാളിനിയമങ്ങളുടെ യാതൊരാനുകൂല്യങ്ങളും അനുവദിക്കപ്പെടുന്നില്ല. പുതിയതായി നിയമിക്കപ്പെടുന്ന തൊഴിലാളികൾക്ക് അത് ബാധകമല്ലെന്ന നിലപാടാണ് തുണ്ടുതുണ്ടായി ഭാഗിക്കപ്പെട്ടിട്ടുള്ള തോട്ടങ്ങളുടെ മാനേജുമെന്റുകൾ സ്വീകരിക്കുന്നത്. അത്തരം തോട്ടങ്ങളിൽ പണിയെടുക്കുന്ന പുതിയ നിയമനം കിട്ടുന്ന തൊഴിലാളികൾക്കുകൂടി ഈ നിയമത്തിന്റെ സംരക്ഷണം കിട്ടുമെന്നുറപ്പുവരുത്തുന്നതിനാവശ്യമായിട്ടുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. കെ. ശിവദാസൻ: തുണ്ടുതുണ്ടായിപ്പോയാലും ആ ഭൂമിയിൽ നിയമം ആപ്ലിക്കബിളാകുമെന്നാണ് പറഞ്ഞിരിക്കുന്നത്. നിയമപരമായ ന്യായം ഇല്ലെന്നാണ് എനിക്ക് തോന്നുന്നത്. ഇത് വ്യാഖ്യാനത്തിന്റെ പ്രശ്നമാണ്.

ശ്രീ. സി. ടി. കൃഷ്ണൻ: ലേബർ ആക്ടിൽ ഭേദഗതി വരുത്തിയെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ഇന്ന് യഥാർത്ഥത്തിൽ ഒരു കുടുംബം തന്നെ നാലും അഞ്ചുമായി ഭാഗിച്ചിട്ട് റിക്കാർഡ് രജിസ്റ്റർ ചെയ്യുന്നു. ഇവിടെ നിയമം ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ച് ഹെക്ടറും 15 തൊഴിലാളികളുമാണെങ്കിൽപ്പോലും ഭാഗം തിരിഞ്ഞ് ആധാരമാക്കുന്നതിന്റെ ഫലമായി, രണ്ടു തൊഴിലാളികളും മൂന്നു തൊഴിലാളികളും അഞ്ചേക്കറും പത്തേക്കറുമെന്നായി ചുരുങ്ങുന്നുണ്ട്. അതിന്റെ ഫലമായി നൂറുകണക്കിന് തൊഴിലാളികൾക്ക് കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യങ്ങൾ, ബോണസ്സുംപ്പെടെയുള്ള ആനുകൂല്യങ്ങൾ നഷ്ടപ്പെടുകയാണ്. അതുകൊണ്ട് തൊഴിലാളികൾക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ നിഷേധിക്കുന്ന കാര്യത്തിൽ മാറ്റംവരുത്താൻ ഒരു പ്രത്യേക നടപടിയോ തീരുമാനമോ സ്വീകരിക്കുന്നതിന് ഗവൺമെന്റ് മുൻകൈയെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശിവദാസൻ: ഇങ്ങനെ വരുമ്പോഴും യൂണിയൻ ഉണ്ടാകുകയും തർക്കം ഉണ്ടാകുകയും ചെയ്യുന്നു. ഇങ്ങനെ തർക്കം വരുമ്പോൾ പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ ഇടപെടുകയും നിങ്ങൾ ഇത് കൊടുക്കേണ്ടതാണെന്ന് എൻഫോഴ്സ് ചെയ്യുകയും ചെയ്യുന്നുണ്ട്. അതാണ് ഇന്നത്തെ നിയമമനുസരിച്ച് നമുക്ക് ചെയ്യാവുന്നത്.

ശ്രീ. കെ.കെ. തോമസ്: തോട്ടങ്ങൾ ഇപ്പോഴും തുണ്ടുതുണ്ടുകളാക്കിക്കൊണ്ടിരിക്കുകയാണ്. തുണ്ടുതുണ്ടാക്കിയ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് പ്ലാന്റേഷൻ ലേബർ ആക്ടിന്റെ ആനുകൂല്യങ്ങൾ ലഭിക്കാറില്ല. തുണ്ടുതുണ്ടാക്കുന്ന തോട്ടങ്ങളുടെ ഉടമ ചെറുകിട കൃഷിക്കാരായി മാറുകയാണ്. ഇത് ഗുരുതരമായ ഭവിഷ്യത്തായിത്തീരും. പത്തുവർഷത്തിനകം ഇന്നുള്ള നമ്മുടെ തോട്ടങ്ങളുടെ 50 ശതമാനമെങ്കിലും തുണ്ടുതുണ്ടായി മാറപ്പെടും. ഇതുസംബന്ധിച്ച് ഒരു കമ്മീഷനെവച്ച് അന്വേഷിച്ച് അടിയന്തിര നിയമനിർമ്മാണം നടത്തി ഇത് നിരോധിക്കുന്നതിന് തയ്യാറാകുമോ?

ശ്രീ. കെ. ശിവദാസൻ: അതിനു ഞാൻ ഉത്തരം പറഞ്ഞുകഴിഞ്ഞതാണ്. ഇത്തരമൊരു പെറ്റീഷനുമേൽ ഓർഡർ കൊടുത്തത് .വേണമെങ്കിൽ ഞാൻ വായിച്ചു കേൾപ്പിക്കാം. Taking into consideration of all these aspects, I am of opinion that the Karadippara and Manali Estates are plantations, and the managements are bound to comply with the provisions of the Plantation Labour Act, and rules made thereunder. As regards the Gallasy Estate, the number of workers found employed in are 70. As such the Estate will also come under the purview of the Act. എന്നു പറഞ്ഞുകഴിഞ്ഞാൽ ഇങ്ങനെയൊരു ഓർഡർ കൊടുക്കും. ഓർഡർ കൊടുത്തുകഴിഞ്ഞാൽ ഇതെല്ലാം അവർക്ക് ലഭിക്കും.

കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

* 299 [440] ശ്രീ. കെ. ഭരതൻ:
,, കെ. മുസ്സക്കുട്ടി:
,, വി. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിച്ചിട്ട് എത്ര നാളായി;

(ബി) സേവന-വേതന വ്യവസ്ഥ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. പി.കെ. വേലായുധൻ): സർ,

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിച്ച് നിലവിൽ വന്ന 21.7.1979-ലെ ദീർഘകാല കരാറിന്റെ കാലാവധി 20-7-1982-ൽ തീർന്നു.

LIBRARY ARCHIVES Kerala Legislative Assembly